**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - മലപ്പുറം ജില്ലയിലെ നിലമ്പൂർ, തിരൂരങ്ങാടി താലൂക്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ് ഓഫീസുകൾ ആരംഭിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (എ) വകുപ്പ്**

സ.ഉ.(എം.എസ്) നം.85/2014/സഹ. തീയതി, തിരുവനന്തപുരം, 28.06.2014.

പരാമർശം: സഹകരണ സംഘം രജിസ്ട്രാറുടെ 24.1.12, 27.6.12, 23.4.13 എന്നീ തീയതികളിലെ ഇബി(2) 49826/11 നമ്പർ കത്തുകൾ.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ നിലമ്പൂർ, തിരൂരങ്ങാടി താലൂക്കുകളിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഒരു അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)ന്റേയും ഒരു അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റിന്റെയും ഓഫീസുകൾ അത്യന്താപേക്ഷിതമാണെന്നും ഓരോ ഓഫീസിന്റെയും നിർദ്ദിഷ്ട സ്റ്റാഫ് പാറ്റേൺ താഴെകാണും പ്രകാരമാണ് വേണ്ടതെന്നും സഹകരണ സംഘം രജിസ്ട്രാർ പരാമർശിത കത്തിൽ അറിയിച്ചിരുന്നു.

I അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | - | 1 |
| 2 | ഓഫീസ് ഇൻസ്പെക്ടർ | - | 1 |
| 3 | എൽ.ഡി.ക്ലാർക്ക് | - | 1 |
| 4 | എൽ.ഡി.ടൈപ്പിസ്റ്റ് | - | 1 |
| 5 | പ്യൂൺ | - | 2 |
| 6 | പാർട്ട് ടൈം സ്വീപ്പർ | - | 1 |

II അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് ഓഫീസ്

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ | - | 1 |
| 2 | ഓഫീസ് ഓഡിറ്റർ (ജൂനിയർ) | - | 1 |
| 3 | പ്യൂൺ | - | 1 |

ടി സ്റ്റാഫ് പാറ്റേൺ പ്രകാരം രണ്ട് താലൂക്കുകളിലായി ആരംഭിക്കുവാനുദ്ദേശിക്കുന്ന 4 ഓഫീസുകൾക്കുമായി ഒരു വർഷം 5889002 രൂപ ഭരണപരമായ ചെലവ് വരുമെന്നും, നിലമ്പൂർ, തിരൂരങ്ങാടി താലൂക്കുകളിൽ മൂന്ന് അസിസ്റ്റന്റ് ഡയറക്ടർമാരും 4 സീനിയർ ഇൻസ്പെക്ടർമാരുടേയും 10 ജൂനിയർ ആഡിറ്റർമാരുടേയും/സമകാല ആഡിറ്റർ തസ്തികകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും ടി തസ്തികകളിൽ നിന്നും കെ.എസ്.ആർ കോസ്റ്റ് ഇനത്തിൽ 10157852 രൂപ വരവുണ്ടെന്നും ആയതിനാൽ ടി ആഫീസുകൾ ആരംഭിക്കുന്നതിലൂടെ ഉണ്ടാകുന്ന ഭരണപരമായ ചെലവ് മേൽ തുകയിൽ നിന്ന് കണ്ടെത്താവുന്നതാണെന്നും നിലമ്പൂർ, തിരൂരങ്ങാടി താലൂക്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർ ആഫീസുകൾ സ്ഥാപിക്കുമ്പോൾ നിലമ്പൂർ താലൂക്കിന്റെ പരിധിയിൽ 147 സഹകരണ സംഘങ്ങളും തിരൂരങ്ങാടി താലൂക്കിന്റെ പരിധിയിൽ 125 സഹകരണ സംഘങ്ങളും വരുന്നതാണെന്നും ആർബിട്രേഷൻ ഫീസ്, എക്സിക്യൂഷൻ ഫീസ്, കെ.എസ്.ആർ കോസ്റ്റ്, ആഡിറ്റ് ഫീസ് എന്നീ ഇനങ്ങളിൽ നിലമ്പൂർ താലൂക്കിന്റെ പരിധിയിൽ ഉള്ള സഹകരണ സംഘങ്ങളിൽ നിന്നും 61.39 ലക്ഷം രൂപയും തിരൂരങ്ങാടി താലൂക്കിന്റെ പരിധിയിൽ ഉള്ള 125 സഹകരണ സംഘങ്ങളിൽ നിന്നും 39.14 ലക്ഷം രൂപയും ലഭിക്കുന്നതാണെന്നും ആയതുമായി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ടി തുക സംഘങ്ങൾ ട്രഷറിയിലാണ് ഒടുക്കുന്നതെന്നും ആയതിനാൽ ടി ഓഫീസുകൾ ആരംഭിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശിത കത്തുകളിൽ സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിൽ നിലമ്പൂർ, തിരൂരങ്ങാടി താലൂക്കുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് ഓഫീസുകൾ ആരംഭിക്കുന്നതിനും ടി ആഫീസുകളിൽ താഴെ കാണും പ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്</u>

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) | - | 1 |
| 2 | ഓഫീസ് ഇൻസ്പെക്ടർ | - | 1 |
| 3 | എൽ.ഡി.ക്ലാർക്ക് | - | 1 |
| 4 | ഓഫീസ് അറ്റൻഡന്റ് | - | 1 |
| | ആകെ | - | [illegible] |

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ് ഓഫീസ്

| | | | |
|---|---|---|---|
| 1 | അസിസ്റ്റന്റ് ഡയറക്ടർ | - | 1 |
| 2 | ഓഫീസ് ഓഡിറ്റർ (ജൂനിയർ) | - | 1 |
| 3 | ഓഫീസ് അറ്റൻഡന്റ് | - | 1 |
| | ആകെ | - | 2x3=6 |

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**കെ. എസ്. ശ്രീനിവാസ്,**

സെക്രട്ടറി.

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
സഹകരണ ആഡിറ്റ് ഡയറക്ടർ,, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ് (1.3.14 ലെ 96757/അഗ്രി വിങ്ങ് എ 2/13/ധന കറിപ്പ് പ്രകാരം).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ